**89 (1130) കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് വികസനം**

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലെ യാത്രക്കരുടെ ബാഹുല്യം കണക്കിലെടുത്ത് ബസ് സ്റ്റാന്റ് വിപുലീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ബസ് സ്റ്റാൻഡ് നവീകരിക്കുന്ന കാര്യം ആലോചിച്ചുവരികയാണ്.

**90 (1131) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ**

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവുള്ള മുഴുവൻ തസ്തികകളിലേക്കും നിയമനം നടത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ വാഹനങ്ങളുടെ വർദ്ധനവിനുസരിച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) 19.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മോട്ടോർ വാഹന വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും പുതിയ ഓഫീസുകൾ തുടങ്ങുന്നതിനുമുള്ള സാദ്ധ്യതകളെ കുറിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമഗ്രമായ പഠനം (വർക്ക് സ്റ്റഡി) നടത്തിവരികയാണ്. പഠനറിപ്പോർട്ട് കിട്ടിയാൽ മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly